# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1674 | 12-06-2019-ൽ മറുപടി നൽകേണ്ടത്

### കോളേജ് ക്യാമ്പസ്സുകളിലെ അക്രമരാഷ്ട്രീയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി. ഡി. സതീശൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി. ടി. ബൽറാം | : ഡോ. കെ .ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആരോഗ്യകരമായ അക്കാഡമിക് അന്തരീക്ഷവും സാമൂഹ്യ സാഹചര്യവും സൗഹൃദവും ഒരുക്കേണ്ട കോളേജ് ക്യാമ്പസ്സുകൾ അക്രമ രാഷ്ട്രീയത്തിന്റെയും ചില വിദ്യാർത്ഥി സംഘടനകളുടെ ഫാസിസ്റ്റ് പ്രവർത്തനങ്ങളുടെയും വേദിയായി മാറി എന്നത് വസ്തുതയല്ലേയെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളെ നിർബന്ധിച്ച് ക്ലാസ്സ് സമയത്ത് സമരത്തിനും മാർച്ചിനും കൊണ്ടുപോകുന്ന സാഹചര്യം നിലവിലുണ്ടോ; | | |
| (സി) | ചില വിദ്യാർത്ഥി സംഘടനകൾക്ക് ശക്തമായ സ്വാധീനമുള്ള കോളേജ് ക്യാമ്പസ്സുകളിൽ മറ്റ് വിദ്യാർത്ഥി | (സി) | ചില വിദ്യാർത്ഥി സംഘടനകൾക്ക് ശക്തമായ സ്വാധീനമുള്ള കോളേജ് ക്യാമ്പസ്സു |

| | | | |
|---|---|---|---|
| | സംഘടനകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം പോലും നിഷേധിക്കുന്ന അവസ്ഥ നിലനിൽക്കുന്നുണ്ടോ; | | കളിൽ മറ്റ് വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം നിഷേധിക്കുന്ന അവസ്ഥയെ സംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) | തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് ക്യാമ്പസ്സിൽ ചില വിദ്യാർത്ഥി നേതാക്കളുടെ മാനസിക പീഢനത്തെ തുടർന്ന് ഒരു വിദ്യാർത്ഥിനി ആത്മഹത്യക്ക് ശ്രമിച്ച സംഭവത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പല കോളേജ് ക്യാമ്പസ്സുകളുകളിലും നടക്കുന്ന ആരോഗ്യകരമല്ലാത്ത പ്രവണതകൾ ഇല്ലാതാക്കുന്നതിന് സർക്കാർ തലത്തിൽ ശക്തമായ ഇടപെടൽ നടത്തുമോ? | (ഡി) | സംസ്ഥാനത്തെ കോളേജ് ക്യാമ്പസ്സുകളിൽ ആരോഗ്യകരമായ വിദ്യാർത്ഥി സംഘടനാ സംവിധാനം നിലനിർത്തുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**